# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4966 27/10/2016-ൽ മറുപടിയ്ക്ക്**

### തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.അബ്ദുൽ ഹമീദ് പി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തിന്റെ തീരദേശ സംരക്ഷണത്തിനുള്ള തീരദേശ പരിപാലന പദ്ധതി പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) തീരദേശ സംരക്ഷണവും പരിപാലനത്തിനുമായി സംസ്ഥാനത്തിന് ഒരു സമഗ്രതീരദേശ പരിപാലന നയം തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, രാഷ്ട്രീയ/സന്നദ്ധ സംഘടന പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു ദേശീയ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ശില്പശാലയിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; | ബി) സെമിനാറിന്റെ നിർദ്ദേശങ്ങൾ ക്രോഡീകരി ച്ചിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര തീരദേശ പരിപാലന നയം തയ്യാറാക്കുന്നതിനായി ഡോ.ബാവ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ ശുപാർശ ചെയ്തിട്ടു ണ്ട് |
| സി) തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച വിജ്ഞാപനത്തിലെ നിബന്ധനകളിൽ സംസ്ഥാനത്തിന് ഇളവുകൾ ലഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ. എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | സി) 2011- ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കമുള്ള തീരദേശവാസികൾക്ക് ഭവനം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈസൻസ് ലഭിക്കുന്നതിനും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ട ാകുന്നു ണ്ട്. തീരദേശ വാസികൾ അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ 2011 -ലെ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിനായി നിയോഗിച്ച കമ്മിറ്റി മുൻപാകെയും ഈ വിഷയം അവതരിപ്പിക്കുകയും അവർ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട് |

14/06/2016 ൽ കേന്ദ്ര പരിസ്ഥിതി മന്ത്രിയെ നേരിൽ കണ്ട് CRZ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കാൻ നിവേദനം നൽകിയ വേളയിൽ സംസ്ഥാനത്തിന്റെ തീരദേശ മാനേജ്മെന്റ് പ്ലാൻ 2011 ലെ പുതിയ വിജ്ഞാപനം നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ തയ്യാറാക്കി കേന്ദ്രത്തിന്റെ അനുമതി തേടേണ്ടതായിരുന്നുവെന്നും ഇതുവരെയും അനുമതി തേടിയിട്ടില്ലെന്നും കേന്ദ്രമന്ത്രി അറിയിച്ചു സംസ്ഥാനത്തിന്റെ തീരദേശ മാനേജ്മെന്റ് പ്ലാനും സംയോജിത തീരദേശ മാനേജ്മെന്റ് പ്ലാനും തയ്യാറാക്കി അനുമതി തേടുന്ന സമയത്ത് ആവശ്യമായ ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കാമെന്നും അറിയിച്ചു അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഒരു സമഗ്ര തീരദേശ പരിപാലന നയം തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, രാഷ്ട്രീയ / സന്നദ്ധ സംഘടനാ പ്രതിനിധികൾ, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് എന്നിവയിലെ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാലയിൽ ഉയർന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ICZMP തയ്യാറാക്കുമ്പോൾ മത്സ്യമേഖല കാഴ്ചപ്പാട് അതിൽ സന്നിവേശിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.